# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T2441 18.12.2012-ൽ മറുപടിക്ക്.

## ചില്ലറവില്പനയിൽ വിദേശനിക്ഷേപം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ | ശ്രീ . പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) കേന്ദ്ര സർക്കാർ ചില്ലറ വില്പനയിൽ വിദേശനിക്ഷേപം അനുവദിക്കുന്നതിന് തീരുമാനിച്ചതിൽ സംസ്ഥാന സർക്കാരിന്റെ നയം വ്യക്തമാക്കാമോ; | (എ) ചെറുകിട വ്യാപാര മേഖലയിൽ വിദേശനിക്ഷേപം അനുവദിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ സാമ്പത്തിക ഭദ്രതയെ ബാധിക്കുമെന്നതിനാൽ ചെറുകിട വ്യാപാര മേഖലയിൽ വിദേശനിക്ഷേപം അനുവദിക്കേണ്ട എന്നതാണ് കേരള സർക്കാരിന്റെ നയം. |
| (ബി) പല സംസ്ഥാന സർക്കാരുകളും പൊതുജനങ്ങൾക്കും ഈ മേഖലയിൽ ഉപജീവനം നയിക്കുന്ന ചെറുകിട കച്ചവടക്കാർക്കും ദോഷമാകുന്ന ഈ നയം നടപ്പിലാക്കേണ്ടതില്ലെന്ന് തീരുമാനിച്ചി ട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ കേരളത്തിലും പൊതുജനങ്ങൾക്കും ചെറുകിട കച്ചവടക്കാർക്കും ദോഷം വരുത്തുന്ന ഈ പദ്ധതി നടപ്പിലാക്കാതിരിക്കാനുള്ള തീരുമാനം കൈക്കൊള്ളുമോ? | (സി) പതിമൂന്നാം കേരള നിയമസഭ അഞ്ചാം സമ്മേളനത്തിൽ, 06.07.2012-ൽ, കേരളത്തിൽ റീട്ടെയിൽ മാർക്കറ്റിംഗ് രംഗത്ത് നേരിട്ടുള്ള വിദേശ നിക്ഷേപം (FDI) അനുവദിക്കരുതെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ട് ഒരു പ്രമേയം പാസ്സാക്കുകയുണ്ടായി. മേൽ പ്രമേയം കേന്ദ്ര വ്യവസായ വാണിജ്യ മന്ത്രാലയത്തിന് തുടർ നടപടികൾക്കായി അയച്ച് കൊടുത്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**